മിസ്റ്റർ കെ. ടി.അച്യുതൻ: തിരുവിതാംകൂറിൽ ഇപ്പോൾ ഈ ജോലി നടത്തുന്നുണ്ട്. അവിടെ എങ്ങിനെയാണെന്ന അന്വേഷിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഓരോസ്ഥലത്തും ഓരോ കാര്യത്തിൽ ചെയ്യുന്നതൊക്കെനോക്കി ഇവിടെ ചെയ്യാൻ നിവൃത്തിയില്ല. അന്വേഷിക്കേണ്ട കാര്യമാണെങ്കിൽ അന്വേഷിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പ്രതിഫലം കൊടുക്കാമെന്ന പറഞ്ഞിരിക്കുന്നതു കൊടുക്കാൻവേണ്ടിയാണോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഗവണ്മെണ്ടു കൊടുക്കാൻ തീരുമാനിച്ചതു കൊടുക്കാതെയിരിക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: റേഷൻകാർഡു ചെക്കുചെയ്യുതിനു കൊടുക്കാമെന്ന പറഞ്ഞിട്ടുള്ള സംഖ്യ അദ്ധ്യാപകന്മാക്കു കൊടുത്തിട്ടില്ലല്ലൊ.

റാവുസാഹിബ്ബ് എ. മാധവപ്രഭു: അറിഞ്ഞുകൂടാ.

മിസ്റ്റർ പി.നാരായണമേനോൻ: പ്രജാമിത്രത്തിൽ ൫ ൦ ൦ വീടുകളാക്കണമെന്നും ൪൦ രൂപാ കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ലേഖനമുണ്ടായിരുന്നതു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

മിസ്റ്റർ പി. കെ. പോറ്റി: ഈ ജോലിക്കു അദ്ധ്യാപകന്മാരെ അയക്കാനാണു തീരുമാനിച്ചിരിക്കുന്നതെന്നു പറഞ്ഞുവല്ലൊ. അതിനു അവർ സമ്മതിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ആവശ്യപ്പെട്ടാൽ ചെയ്തുകൊള്ളണം. അങ്ങിനെയുള്ള ഒരു നിയമമാണ് ഇപ്പോൾ ഉണ്ടാക്കാൻ പോകുന്നതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: നിയമം ഉണ്ടാക്കികഴിഞ്ഞല്ലൊ. അതനുസരിച്ചു ആരോടു വേണമെങ്കിലും ഈ ജോലി ചെയ്യാനാവശ്യപ്പെടാമല്ലൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ആവശ്യപ്പെടാം.

418. Mr. K. Balakrishna Menon *(Cheruthuruthi):* Will Government be pleased to state.—

(*a*) if any progress has been made in preparing the electoral roll by the Reforms Department based upon adult franchise;

(*b*) what time the Government expect the Department would take for completing it?

Rao Sahib A. Madhava Prabhu *(Chief Secretary to Government):*

(*a*) Enumeration of persons will be started as soon as rules are amended giving additional powers to the Chief Election Officer and houses are also got numbered. The amendments to the Rules will be issued very shortly and immediately thereafter house numbering will be started, followed by enumeration and tabulation work.

(*b*) Government expect that work could be completed in time for the election next year.

JAGGERY—STORING OF

419. Mr. A. Eachara Menon (*Chittur-Tattamangalam*) : Will Government be pleased to state.—

(*a*) what is the quantity of jaggery stored in Chittur Taluk today;

(*b*) of this how much was purchased locally and how much from outside?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) 5,307 bags or about 310 tons on 1st Karkadagam 1122.

(*b*) The entire stock is out of purchases made locally.

COMPLAINTS TO DIRECTOR OF PUBLIC HEALTH

420. മിസ്റ്റർ പി.എ. മുഹമ്മദ് അഷ്റോഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ അഴിക്കോടുവില്ലേജിൽ ചെമ്മത്തു് അബ്ദുള്ള അഹമ്മദു് എന്ന ഒരാൾ ഒരു മിഡ്വൈഫിന്റെ ധിക്കാരത്തേയും കൃത്യവിലോപത്തേയും കുറിച്ചു പരാതിപ്പെട്ടുകൊണ്ടു പൊതുജനാരോഗ്യ ഡയറക്ടർക്ക് വല്ല ഹർജിയും അയച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പകർപ്പു മേശപ്പുറത്തു വെക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ ഡയറക്ടർ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്;

(സി) ഇക്കാര്യത്തിൽ പഞ്ചായത്തു പ്രസിഡണ്ടു്, മെഡിക്കൽ ആഫീസ്സർ, സാനിറ്ററി ഇൻസ്പക്ടർ ഇവരുടെ റിപ്പോർട്ടുകൾ എന്തെല്ലാം?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്. ഹർജിയുടെ പ്രതി അനുബന്ധമായി ചേർത്തിട്ടുണ്ടു്. (Appendix V.)

(ബി) ഹർജിയിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളെ സംബന്ധിച്ചു മെഡിക്കൽ ആഫീസരെക്കൊണ്ടും, ഡിവിഷൻ സാനിറ്ററി ഇൻസ്പക്ടരെകൊണ്ടും വേണ്ടുന്ന അന്വേഷണങ്ങൾ നടത്തിച്ചു. പ്രസ്തുത മിഡ്വൈഫു് ഇതേവരെ യാതൊരുവിധത്തിലുള്ള ആക്ഷേപങ്ങൾക്കും ഇടയാക്കാതെ തന്റെ ജോലികൾ വളരെ ജാഗ്രതയോടും ശ്രദ്ധാന്തിയോടുംകൂടി നടത്തിവരുന്ന ഒരാളാണു്. ഹർജിയിൽ പറയുന്നകേസ്സു വളരെ അപകടത്തിലായതു കൊണ്ടു ഡാക്ടരുടെ സഹായം ക്ഷണത്തിൽ കിട്ടാതെ സ്വയം ഒന്നും ചെയ്യുക സാദ്ധ്യമല്ലെന്നു പറഞ്ഞു മിഡ്വൈഫു് ഒഴിയുകയാണു് ഉണ്ടായതു്. പ്രസ്തുത മിഡ്വൈഫിനെ കർശനമായി താക്കീതു ചെയ്യുവാൻ കല്പന കൊടുത്തിട്ടുണ്ടു്.

(സി) പഞ്ചായത്തു പ്രസിഡണ്ടു്, മെഡിക്കൽ അസ്സിസ്റ്റർ, സാനിട്ടറി ഇൻസ്പക്ടർ എന്നിവരുടെ റിപ്പോർട്ടുകളുടെ പകർപ്പു് അനുബന്ധമായി ചേർത്തിട്ടുണ്ടു്. (Appendix V)

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു്: പ്രസ്തുത മിഡ്വൈഫു് ഇതുവരെ യാതൊരു വിധത്തിലുമുള്ള ആക്ഷേപങ്ങൾക്കും ഇടയാക്കാതെ തന്റെ ജോലികൾ വളരെ ജാഗ്രതയോടും ശ്രദ്ധാന്തിയോടുംകൂടി നടത്തിവരുന്ന ഒരാളെന്നു പറഞ്ഞു. എന്നാൽ ഈ ഹരജിയിൽ പറഞ്ഞിരിക്കുന്ന ഗൌരവതരമായ കുറ്റം അന്വേഷണത്തിൽ ശരിയാണെന്നു തെളിഞ്ഞിട്ടില്ലെ? അതിനു ഒരു വാർണിംഗു് കൊടുത്താൽ മതിയെന്നാണൊ ഗവണ്മെണ്ടു് വിചാരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: ഈ കാര്യത്തിൽ അതു മതിയെന്നാണു് തോന്നിയതു്. ഈ സ്ത്രീയുടെപേരിൽ ഇതിനുമുമ്പു് ആക്ഷേപമൊന്നും കിട്ടീട്ടില്ല. ഉണ്ടായിരുന്നുവെങ്കിൽ നടപടി എടുക്കാമായിരുന്നു. പിന്നെ ഇതു മൂന്നു കുട്ടികളെ പ്രസവിച്ച കേസാണു്. ഈ സ്ത്രീയോടു പറഞ്ഞപ്പോൾ ഡോക്ടർകൂടി വേണം അവരെക്കൊണ്ടു തനിയെ സാദ്ധ്യമല്ലെന്നു പറഞ്ഞു. പിന്നെ അവർതമ്മിൽ എന്തൊ വാക്കുതർക്കമുണ്ടായി എന്നും പറയുന്നുണ്ടു്. അതുകൂടി നോക്കിയപ്പോൾ ഒരു വാർണിംഗു് കൊടുത്താൽ മതിയെന്നു തോന്നി.

Mr. K. S. Panicker *(Ezhavas Trichur)*: Who was the medical officer in the Maternity and Child-welfare Centre in the southern division?

റാവുബഹദൂർ ടി. കെ. നായർ: പേർ എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മേത്തല പഞ്ചായത്തു് പ്രസിഡണ്ടു് ആരാണു്?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ്സുവേണം.

INDUSTRY—DEVELOPMENT OF

421. Mr. M. I. Paul *(Narakkal)*: Will Government be pleased to state.—

(*a*) how many years is it since the Ministerial Government have been functioning in the State;

(*b*) in what directions the Industry of the State has been developed under the guidance of Ministerial Government?

Mr. C. R. Iyyunni *(Minister for Revenue)*:

(*a*) and (*b*) About 9 years in the sense that certain subjects were transferred to the charge of a popular Minister in 1938. Not long after, World War II broke out in 1939 and raged till 1945. All industry in the land during the period had been harnessed to war production and Factory owners were facing grave problems arising from scarcity of labour and raw materials and the introduction of various control orders. Along with the rest of the world, this Government also have evolved long term post-war plans, for industrial development. Cheap hydro-electric power, capital goods, Raw material, contented labour and private enterprise are essential for such developments. Government are fast proceeding with the Poringalkuthu Hydro-electric scheme at a cost of about Rs. 4 crores and it is hoped that the work will be completed in 1951. Applications for the import of machinery and controlled materials are being recommended to the Government of India for priority of issue and movement. Government have enacted labour legislation fixing fair wages and providing amenities. By way of

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

(Vide answer to Question No. 420)

മ. രാ. രാ. പബ്ലിക്ക് ഹെൽത്ത് ഡയറക്ടർ അവർകൾ മുമ്പാകെ മേത്തല ഗ്രൂപ്പ് പഞ്ചായത്ത് പ്രസിഡണ്ട് അവർകൾവഴി കൊടുങ്ങല്ലൂർ താലൂക്ക് ആഴിക്കോട് വില്ലേജിൽ ചെമ്മത്തു് പറമ്പിൽ അഹമ്മദു ബോധിപ്പിക്കുന്ന സങ്കടഹർജി.

ഇക്കഴിഞ്ഞ ഫ്രാൻസ് എന്റെ മകൾക്കു പ്രസവവേദന ആരംഭിച്ചപ്പോൾ വീടിന്റെ സമീപത്തുകൂടിവന്ന നാട്ടുവയറാട്ടി വിവരം അറിഞ്ഞു എന്റെ വീട്ടിൽ വരികയുംചെയ്തു. തൽസമയം എന്റെ മകൾ ഒരു കുട്ടിയെ പ്രസവിച്ചു. അടുത്തുണ്ടായിരുന്ന വയറാട്ടി മകൾ വീണ്ടും ഒരു കുട്ടിയെകൂടി പ്രസവിക്കുമെന്നു പറയുകയും താമസിയാതെ രണ്ടാമതു കുട്ടിയെയും പ്രസവിച്ചു. മകൾ വീണ്ടും വേദനയും പരാക്രമവും അനുഭവിക്കുന്നതു കണ്ടപ്പോൾ വയറാട്ടി മൂന്നാമതു കുട്ടിയേയും പ്രസവിക്കുമെന്നു എന്നെ അറിയിക്കുകയും ഉടനെ ഞാൻ സക്കാർ മിഡ്വൈഫിനെ വിളിച്ചുകൊണ്ടു വരുന്നതിനായി പോവുകയും ചെയ്തു. മിഡ്വൈഫിന്റെ സമീപം ചെന്നു എന്റെ മകളുടെ കഷ്ടസ്ഥിതിയേയും മറ്റും പറഞ്ഞറിയിക്കുകയും അതുകൊണ്ടു് താമസിക്കാതെ എന്റെകൂടെവന്നു മകളെ പരിശോധിക്കണമെന്നു അഭ്യർത്ഥിച്ചു. എന്നാൽ അവർ അതു പാടെ നിരസിക്കുകയാണു് ഉണ്ടായതു്. നാട്ടുവയറാട്ടി വന്ന സ്ഥലത്തു താൻ വരുന്നതല്ലെന്നും, അതിനാൽ ഡോക്ടറുടെ അടുത്തോ, ആശുപത്രിയിലൊ കൊണ്ടുപോകുവാനും എന്നോടു പറഞ്ഞു. ഒരു ദരിദ്രനും കൂലിപണിക്കാരനുമായ എനിക്കു അപ്രകാരം ചെയ്യുവാൻ തീരെ കഴിവില്ലെങ്കിലും ആരുടേയെങ്കിലും സഹായത്തോടുകൂടിഞാൻ അപ്രകാരം ചെയ്യാമെന്നും തല്ക്കാലം ആ വിഷമഘട്ടത്തിൽ എന്റെകൂടെ മിഡ്വൈഫ്വന്നു എന്റെ മകളെ പരിശോധിച്ചു വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിയതിനുശേഷം മടങ്ങിപ്പോരണമെന്നും വീണ്ടും ഞാൻ കേണപേക്ഷിച്ചു. എന്നാൽ മിഡ്വൈഫ് എന്നെ തീരെ നിരാശനാക്കിയാണു് മടക്കിയതു്. വീട്ടിൽ മടങ്ങിയെത്തിയപ്പോൾ എന്റെ മകൾ രണ്ടു പ്രസവം കഴിഞ്ഞു. മൂന്നാമതു പ്രസവിക്കുന്നതിനു എത്രയും അത്യന്ത പരാക്രമത്തിൽ കിടക്കുന്നതായിട്ടാണു് കാണുവാൻ കഴിഞ്ഞതു്. ദൈവാനുഗ്രഹത്താൽ ഏതാനും സമയം കഴിഞ്ഞതിനുശേഷം പ്രത്യേക അനിഷ്ടങ്ങളൊന്നുംകൂടാതെ എന്റെ മകൾ മൂന്നു കുട്ടികളേയും പ്രസവിച്ചു.

ഞാൻ ഒരു ദരിദ്രനും, കൂലിപണിക്കാരനുമാകുന്നു. നാളികേരത്തിനും മറ്റും വിലകൂടിയിരിക്കുന്ന ഇക്കാലത്തു സാധാരണക്കാർ മിഡ്വൈഫിനെ കൂട്ടിക്കൊണ്ടുപോയാൽ ഇക. മുതൽ ഫറ ക. വരെ പടിയൊ ബത്തയൊ കൊടുത്തുവരാറുണ്ടു്. ഒരു തൊഴിലാളി മാത്രമായ എന്റെ പക്കൽനിന്നും അപ്രകാരമുള്ള ബത്തയൊ, ബോണസ്സോ കിട്ടുകയില്ലെന്നുള്ള വിശ്വാസത്തിന്മേലാണു് പ്രസ്തുത മിഡ്വൈഫ് എന്റെകൂടെ പോരാതിരുന്നതെന്നു ഞാൻ ബലമായി ധരിക്കുന്നു.

സക്കാർ മിഡ്വൈഫ് എന്നോടു ഇപ്രകാരം പെരുമാറിയതിൽ എനിക്കു അതിയായ വേദനയും സങ്കടവുമുണ്ടെന്നു അങ്ങയെ അറിയിക്കുകയും ആയതുകൊണ്ടു് മേലിൽ എന്നെപ്പോലെയുള്ള സാധുക്കൾക്കു ഇങ്ങിനെയുള്ള വിഷമതകളും, സങ്കടങ്ങളും അനുഭവിക്കാതിരിപ്പാൻ മിഡ്വൈഫിന്റെ ഈ അനാസ്ഥയിൽ വേണ്ട പരിഹാരം ഉണ്ടാക്കി അവിടത്തെ ദയവുണ്ടായി എന്റെ സങ്കടനിവൃത്തി ഉണ്ടാക്കിത്തരുവാൻ വണക്കമായി അപേക്ഷിച്ചുകൊള്ളുന്നു.

ശിശുക്കളുടേയും, മാതാവിന്റേയും ആരോഗ്യരക്ഷാർത്ഥം ആവശ്യമായ പ്രത്യേക ഭക്ഷണസാധനങ്ങൾ ദരിദ്രനായ എന്നെക്കൊണ്ടതന്നെ കൊടുത്തുപോരുവാൻ നിവൃത്തിയില്ലാത്തതിനാൽ അവിടത്തെ ദയവുണ്ടായി പ്രത്യേക ഭക്ഷണപദാർത്ഥങ്ങൾ അനുവദിച്ചുത്തരവുണ്ടാകുവാനും വണക്കമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇതുസംബന്ധമായുള്ള എന്റെ രണ്ടു ഹർജികൾ കൊടുങ്ങല്ലൂർ സാനിട്ടറി ഇൻസ്പെക്ടർവഴിയും പ്രസവം ശിശുസംരക്ഷണം എന്നിവകളുടെ മെഡിക്കൽ ആഫീസ്സർ വഴിയും ഞാൻ അങ്ങയ്ക്കു സമർപ്പിച്ചിട്ടുണ്ടു്.

എന്നു് ഫ്രാൻസ് കുരേ ഇ-ാംനു-

ടി അഹമ്മദ് (ഒപ്പു്).

LIBRARY ARCHIVES Kerala Legislative Assembly

Report No. 69/1122, dated 8th Meenam 1122 from the Medical Officer, Maternity and Childwelfare work, Southern Division

I have the honour to forward herewith the petition I received from Chemmath Parambil Abdul Ahamad, Azhikode and also the explanation taken from the rural midwife, Methala, against whom the petitioner had sent his complaint. Though the midwife had very little to do under such circumstances, yet she ought to have gone thereto do some sort of help to the suffering woman.

I have iustructed the midwife not to give room for such complaints in future.

Report C: 493/1122, dated 8th Meenam 1122 from the Sanitary Inspector, Canganur Division

In submitting herewith a complaint petition received from Chemmath Parambil Ahamad against the rual midwife, Methala Panchayat area, I beg to report that the action of the midewife in having refused to visit the house on requisition is highly irregular. It is a fact the petitioner sought the services of midwife and the same were refused. The explanation offered by midwife is herein enclosed for persual. From the explanation it would appear that the services were refused as the petitioner used bad languages against her. I doubt very much the veracity of this statement. The petitioner requested for the services of the midewife at a very critical time in his house and I do not think that a sane person would use bad languages or threatening words as complained of by the midwife at such a time. Whatever it is, the midwife ought to have visited the house on requisition made and advised him to seek medical advice if found necessary, after examining the case.

Copy of letter C. 50/1122, dated 15th Meenan 1122 from the President, Methala Panchyat

അഴിക്കോട് വില്ലേജിൽ ചെമ്മത്തുപറമ്പിൽ അഹമ്മദ് ബോധിപ്പിച്ച പരാതി ഹജ്ജി ഇതുസഹിതം അയക്കുന്നു. മിഡ്വൈഫ് സരസ്വതി അമ്മയോട് സമാധാനം ആവശ്യപ്പെട്ടതിൽ യാതൊരു മറുപടിയും തന്നില്ല. എങ്കിലും പരാതി കാര്യത്തെക്കുറിച്ചു അന്വേഷണം നടത്തിയതിൽ ഹജ്ജിയിൽ പറയുന്ന സംഭവം സത്യമാണെന്നു അറിയുന്നു. മൂന്നു കുട്ടിയെ പ്രസവിച്ച പ്രസ്തുത കേസ്സ് (attend) ചെയ്യാത്തതും (Health Visitor)-ക്കോ മെഡിക്കൽ ആഫീസ്സർക്കോ റിപ്പോർട്ട്ചെയ്യ അവരെ അയക്കാഞ്ഞതും തെറ്റാണ്.

പ്രസ്തുത മിഡ്വൈഫ് മാസാന്തരം സ്റ്റോറുമെണ്ടു് ഈ ആപ്പീസ്സിൽ ഹാജരാക്കി പരിശോധിക്കാത്തതിനെക്കുറിച്ചു വല്ല സമാധാനവും പറയാനുണ്ടെങ്കിൽ പറയണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിനും യാതൊരു സാമാധാനവും തന്നിട്ടില്ലെന്നു ഡയറക്ടർ അവർകും അറിവാൻ താല്പര്യപ്പെടുന്നു.

മിഡ്വൈഫുമാർ മാസാന്തസ്റ്റോറുമെണ്ടുകും പഞ്ചായത്താപ്പീസ്സുകളിൽ ഹാജരാക്കേണമെന്നു നിയമത്തിൽ വ്യവസ്ഥയുണ്ടായില്ലയൊ എന്നു സംഗതിക്കു ഒരു മറുപടി ഉടനെ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു.

APPENDIX VI

(Vide answer to Question No. 427)

(എ) ക. പിരിച്ചുവിട്ട എല്ലാ തൊഴിലാളികളേയും നിരുപാധികമായി തിരിച്ചെടുക്കുക.

ഖ. ലോക്കൌട്ട് ദിവസങ്ങളിലെ മുഴുവൻ കൂലിയും കണക്കുതീർത്തു കൊടുക്കുക.

ഗ. ഒരു തൊഴിലാളിയായ എം. എസ്സ്. പ്രഭാകരനെ തിരിച്ചെടുക്കുക.

(ബി) ക. തിരിച്ചെടുക്കപ്പെട്ട ഈ തൊഴിലാളികൾക്കു് കരാറുപ്രകാരമുള്ള ക ഒഴിവുള്ള കൂലി മുഴുവനും കൊടുത്തുതീർക്കുകയും അവരെ അവരുടെ പഴയ പ്രവർത്തികൾക്കുതന്നെ ഏർപ്പെടുത്തുകയും ചെയ്യുക.

ഖ. പിരിച്ചയക്കപ്പെട്ട മാളുക്കാരൻ ചാക്കുപ്പനു് കരാറുപ്രകാരമുള്ള സംഖ്യ മുഴുവനും കൊടുക്കുക.

ഗ. സെക്ഷനുകൾ നിർത്തൽചെയ്യുന്നു എന്നപേരിൽ പിരിച്ചയക്കപ്പെട്ടവരുടെ ജോലി മറ്റുള്ള പുതിയ തൊഴിലാളികളെക്കൊണ്ടു് നടത്തുന്നതിനാൽ പിരിച്ചയച്ചവരെതന്നെ തിരിച്ചെടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly